# Malayala Manorama

## 29 August 2018

## Kakkanad, After Flood, Flood Victims, Flood Relief

# ₹10000 അക്കൗണ്ടിലെത്താൻ കുറച്ചു ദിനം കൂടി

കാക്കനാട് • വെള്ളപ്പൊക്ക ദുരിത ബാധിത കുടുംബങ്ങൾക്കു സർക്കാർ അനുവദിച്ച 10,000 രൂപ ബാങ്ക് അക്കൗണ്ടിലെത്താൻ ഏതാനും ദിവസം കൂടി എടുത്തേക്കും.

ദുരിത ബാധിത കുടുംബങ്ങളുടെ സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുന്ന ജോലി പൂർത്തിയായാൽ മാത്രമേ ഓരോരുത്തരുടെയും അക്കൗണ്ടുകളിലേക്കു പണം ഇടുകയുള്ളൂ.

എഴുന്നൂറോളം ബൂത്ത് ലെവൽ ഓഫിസർമാർ വിവര ശേഖരണം തുടങ്ങിയെങ്കിലും ആയിരക്കണക്കിനു വീടുകൾ കയറി ഇറങ്ങിയുള്ള പ്രവർത്തനം പൂർത്തിയാക്കാൻ ദിവസങ്ങളെടുക്കും.

ബിഎൽഒമാരും തദ്ദേശ സ്ഥാപന അംഗവും ചേർന്നു തയാറാക്കുന്ന പട്ടിക വില്ലേജ് ഓഫിസർ സാക്ഷ്യപ്പെടുത്തും. ബ്ലോക്ക് ഡവലപ്മെന്റ് ഓഫിസർ മുഖേനെ ഡാറ്റ എൻട്രി നടത്തി പട്ടിക തഹസിൽദാർക്കു കൈമാറും.

ഈ നടപടികൾ പൂർത്തിയാക്കി കഴിഞ്ഞേ പണം അക്കൗണ്ടിൽ നിക്ഷേപിക്കുകയുള്ളൂ.

ദുരിത ബാധിതരുടെ പേര്, വിലാസം, വീട്ട് നമ്പർ, വാർഡ് നമ്പർ, വില്ലേജ്, തദ്ദേശ സ്ഥാപനം, ആധാർ നമ്പർ, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ (അക്കൗണ്ട് നമ്പർ, ബാങ്കിന്റെ പേര്, ബ്രാഞ്ച്, ഐഎഫ്എസ്സി കോഡ്) എന്നിവയാണ് വിവര ശേഖരണത്തിനെത്തുന്നവർക്കു നൽകേണ്ടത്. ബാങ്ക് അക്കൗണ്ട് നമ്പറും ആധാർ നമ്പറും നഷ്ടപ്പെട്ടു പോയവർ ഇവ സംബന്ധിച്ചു അറിയാവുന്ന എന്തെങ്കിലും വിവരങ്ങൾ നൽകണം.